(എഫ്) എങ്കിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടും ഈ പാലം പണി സംബന്ധിച്ച നടപടികളിൽ നിന്ന് പിന്തിരിയണമെന്ന് എൻ.എച്ച് വിഭാഗത്തിന് നിർദ്ദേശം നൽകിയതിന്റെ ഉദ്ദേശം വെളിപ്പെടുത്തുമോ ;

(ജി) ഈ പാലം പണിക്കായി സി.ആർ.എഫ്-ൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഐ) എൻ.എച്ച്. വിഭാഗത്തിൽ നിന്നും നിർദ്ദേശം പിൻവലിച്ചാൽ ഈ പാലം പണി സംബന്ധിച്ച് പണി ഉടനെ ടെണ്ടർ ചെയ്യാനാവുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ജെ) എങ്കിൽ എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ,ബി&സി) അഴൂർ കടവ് പാലത്തിന്റെ പണി 1997 മേയ് മാസത്തിൽ തുടങ്ങാമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. തികച്ചും സാങ്കേതികമായ ചില കാരണങ്ങളാൽ പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ 5-2-2000-ൽ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 128 ലക്ഷം രൂപ

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി&എച്ച്) 48.50 ലക്ഷം രൂപക്ക് സി.ആർ.എഫ്.-ൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്.

(ഐ&ജെ) സാമ്പത്തിക സഹായത്തിനായി നബാർഡ് മുമ്പാകെ നിർദ്ദേശം സമർപ്പിക്കാനാണ് ദേശീയപാതാ വിഭാഗത്തിന് നിർദ്ദേശം നൽകിയിരിക്കുന്നത്. ടെണ്ടർ ചെയ്യുന്നതിന് ഈ നിർദ്ദേശം തടസ്സമല്ല. സാങ്കേതികാനുമതി നൽകിയാലുടനെ ടെണ്ടർ വിളിക്കുന്നതാണ്.

വർക്കല റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ നടപടി

45 (1288) ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജക മണ്ഡലത്തിലെ എത്ര റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവ ഏതെല്ലാമാണെന്നും ഓരോ ജോലികൾക്കും അനുവദിച്ചിട്ടുള്ള തുക എത്രവീതമാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത ജോലികൾ ചെയ്തു തീർക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) കാലതാമസം ഒഴിവാക്കി അടിയന്തിരമായി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ,ബി,സി&ഡി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

46 (1289) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി മാസത്തിലൊരിക്കൽ സൂപ്രണ്ടിംഗ് എൻജിനീയറും മൂന്ന് മാസത്തിലൊരിക്കൽ ചീഫ് എൻജിനീയറും പണികളുടെ പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പല പാലങ്ങളുടെയും നിർമ്മാണം മുടങ്ങാതിരിക്കാൻ വകുപ്പുമന്ത്രി ആറ് മാസത്തിലൊരിക്കൽ നിർമ്മാണപുരോഗതി നേരിട്ട് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) പണി യഥാസമയം പൂർത്തിയാക്കാത്ത കോൺട്രാക്ടർമാരുടെ കരാർ അവസാനിപ്പിച്ച് പുതിയ കോൺട്രാക്റ്റ് നൽകാൻ വ്യവസ്ഥ ചെയ്യുമോ ;

(ഇ) പാലങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് പണികൾ യഥാസമയത്ത് നടത്തുന്നതിന് ഡിപ്പാർട്ടുമെന്റൽ കോഡും ചട്ടങ്ങളും പരിഷ്കരിച്ചിട്ടുണ്ട്. ജോലികൾ നിശ്ചിത കാലാവധിക്കു മുൻപായി ചെയ്തു തീർക്കുന്ന കരാറുകാർക്ക് ജോലിത്തുകയുടെ 1% ബോണസ് (പരമാവധി 3 ലക്ഷം രൂപ) നൽകാനും കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് ആദ്യത്തെ മൂന്നുമാസം കാലതാമസത്തിന് ജോലിത്തുകയുടെ ഒരു ശതമാനവും (കുറഞ്ഞത് 300 രൂപ, കൂടിയത് 10,000 രൂപ), അടുത്ത ഓരോ മൂന്ന് മാസത്തെ കാലതാമസത്തിന് ജോലിത്തുകയുടെ രണ്ട് ശതമാനം വച്ച് (കുറഞ്ഞത് 600 രൂപ, കൂടിയത് 30,000 രൂപ) ഈടാക്കുവാനും വ്യവസ്ഥയുണ്ട്.

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കാലകാലങ്ങളിൽ പണികളുടെ പുരോഗതി വിലയിരുത്തുന്നതു കൊണ്ട് ഇതിനുവേണ്ടി ഒരു നിശ്ചിത സമയപരിധി നിശ്ചയിക്കുന്നതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(സി) വകുപ്പു മന്ത്രിയും പണികളുടെ പുരോഗതി പരിശോധിക്കാറുണ്ട്. പക്ഷേ, ഇതിന് ഒരു നിശ്ചിത കാലപരിധി നിശ്ചയിക്കുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly